# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം.പി.13/1533/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/10/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെറ്റിഎം.പി.13/1533/2023 തീയ്യതി: 31/10/2023

## കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2023 | 16-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2023 | 16-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ രതീഷ് സി ആർ,ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി യു,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ബിനീത് രാജൻ ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബോബിച്ചൻ കീക്കോലിൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ രാജീവ് എസ് കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനീഷ്കുമാർ റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി വിജി വിശ്വനാഥ് | ക്ഷീര വികസന ഓഫീസർ | 01-04-2022 | 03-06-2022 |
| ശ്രീ കണ്ണൻ എം വി | ക്ഷീര വികസന ഓഫീസർ | 04-06-2022 | 31-03-2023 |
| ഡോ.സിസ്സി മൈക്കിൾ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 22-06-2022 |
| ഡോ.ദീപാ ബി നായർ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 23-06-2022 | 31-03-2023 |
| ശ്രീമതി ജോവൻസി മാത്യൂ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 13-01-2023 |
| ശ്രീമതി അഞ്ജു തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 14-01-2023 | 31-03-2023 |
| ശ്രീമതി ശ്രീകല എസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഡോ.രേഖാ ആർ | മെഡിക്കൽ ഓഫീസർ,സാമൂഹ്യാരോഗ്യകേന്ദ്രം | 01-04-2022 | 31-03-2023 |
| ശ്രീമതി സിന്ധു ദേവി സി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി നീതു തോമസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ജിൻസി കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-07-2022 |
| ഡോ.നിലീന പി ആർ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 04-08-2022 | 31-03-2023 |
| ഡോ.ആർ ഉഷ | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 30-01-2023 |
| ഡോ.സുജ സെബാസ്റ്റ്യൻ | സീനിയർ വെറ്ററിനറി സർജൻ | 31-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി പ്രീതി സി | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രജിത കെ പി | വി ഇ ഓ,ചേർപ്പുങ്കൽ | 01-04-2022 | 13-09-2022 |
| ശ്രീ നകുൽ ബി ഗോപാൽ | വി ഇ ഓ,ചേർപ്പുങ്കൽ | 14-09-2022 | 22-01-2023 |
| ശ്രീ സോനു ബാബു | വി ഇ ഓ,ചേർപ്പുങ്കൽ | 23-01-2023 | 31-03-2023 |
| ശ്രീ ജെസ്സിൽ കെ എച്ച് | വി ഇ ഓ,കുടല്ലൂർ | 01-04-2022 | 25-05-2022 |
| ശ്രീമതി പ്രജിത കെ പി | വി ഇ ഓ,കുടല്ലൂർ | 26-05-2022 | 18-08-2022 |
| ശ്രീ നകുൽ ബി ഗോപാൽ | വി ഇ ഓ,കുടല്ലൂർ | 19-08-2022 | 31-03-2023 |

01.08.2022 മുതൽ 03.08.2022 വരെ മെഡിക്കൽ ഓഫീസർ,ഹോമിയോ തസ്തിക ഒഴിവ്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23 | 1-1 |
| 2 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല | 1-1-3 |
| 5 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല | 1-1-5 |
| 7 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | പ്രയർ പീരിഡ്-വിശദാംശം ലഭ്യമല്ല | 1-1-7 |
| 9 | ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-8 |
| 10 | വരവ് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു | 1-1-9 |
| 11 | സർക്കാർ തിരിച്ചെടുത്ത തുക പൂർണ്ണമായും ചെലവായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-10 |
| 12 | മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ വകയിരിത്തിയില്ല. | 1-1-11 |
| 13 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്ക് ധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | തെറ്റായ ശീർഷകത്തിൽ പ്രോജക്ട് ചെലവ് അക്കൗണ്ട് ചെയ്തു | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല. | 1-11 |
| 25 | വസ്തുനികുതി നിർണ്ണയത്തിൽ തറനിർമ്മിതി കണക്കിലെടുത്തതായി കാണുന്നില്ല. | 1-12 |
| 26 | വാടക ഡിമാന്റ്/പിരിവ് നടപടിക്രമങ്ങളിൽ -അപാകത | 1-13 |
| 27 | കുമ്മണ്ണൂർ ചെമ്പിളാവ് യംഗ്മെൻ ലൈബ്രറി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനത്തിന്റെ വാടക ഈടാക്കുന്നില്ല. | 1-14 |

| | | |
|---|---|---|
| 28 | ലൈസൻസ് -റഗുലേറ്ററി ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നില്ല | 1-15 |
| 29 | തൊഴിൽനികുതി ഡിമാന്റ്/കളക്ഷൻ നടപടികളിൽ- അപാകത | 1-16 |
| 30 | ഓൺലൈൻ പേമെന്റ് - തുക ലഭ്യമാകുന്നതിൽ കാലതാമസം | 1-17 |
| 31 | വിഭവസമാഹരണം | 1-18 |
| 32 | പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ - തുക ചെലവഴിച്ചില്ല | 1-19 |
| 33 | വയോക്ലബ് - അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ- ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ ArtcoLtd നിന്നു വാങ്ങി -നാളിതുവരെ വയോക്ലബ് പ്രവർത്തനസജ്ജമായില്ല. | 1-20 |
| 34 | ഗവ.എൽപിഎസ് ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടുകൾ | 1-21 |
| 35 | അങ്കണവാടി നിർമ്മാണം- പൂർത്തീകരണ വിവരം , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല . | 1-22 |
| 36 | ബെയിലിങ്ങ് മെഷീൻ പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-23 |
| 37 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-24 |
| 38 | കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. | 1-25 |
| 39 | സാന്ത്വന പരിചരണം - ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായില്ല | 1-26 |
| 40 | ലൈഫ് ഭവനപദ്ധതി | 1-27 |
| 41 | വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താക്കൾക്ക് പരിമിതമായ സബ്സിഡി മാത്രം നൽകുന്നു | 1-28 |
| 42 | കാലി ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കിയില്ല | 1-29 |
| 43 | ടേയ്ക്ക് എ ബ്രേക്ക് കിടങ്ങൂർ സൗത്ത് - പ്രവർത്തനം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-30 |
| 44 | ഉപകരണങ്ങൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23

1. കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26/06/2023 തീയതിയിലെ 1(2) തീരുമാനം പ്രകാരം അംഗീകരിച്ച് 27/06/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായംഅനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൌണ്ട് ചെയ്യേണ്ടതാണ്.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന വിവിധങ്ങളായ അനുപാതങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കിയില്ല. ആയതിനാൽ ഇതിന്റെ അടിസ്ഥാനത്തിലുള്ള വിശകലനം സാധ്യമായിട്ടില്ല.

### 1-1-3 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല

01/04/2022 ൽ ILGMS സോഫ്റ്റ്‌വെയർ ആരംഭിച്ചതിനു ശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന ചെലവുകൾ (ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ) അക്രൂവൽ ആയിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. 2022-23 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം തന്നെ 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രൂവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 2.83 കോടിയോളം രൂപ ടി ബാധ്യതാ ശീർഷകത്തിലേക്ക് അക്രൂവൽ അക്കൗണ്ടിംഗ് ചെയ്യുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾക്ക് ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ബാധ്യതാ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

### 1-1-4 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(Opening Balanace Receipt Payament-OBRP Data) സൂക്ഷിച്ചിട്ടില്ല.

### 1-1-5 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല.

### 1-1-6 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത

വിശദീകരിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല. ഇത് സംബന്ധമായ വർക്ക് ഷീറ്റും സൂക്ഷിച്ചിട്ടില്ല.

1-1-7 പ്രയർ പീരിഡ്-വിശദാംശം ലഭ്യമല്ല

Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ വിശദമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. ഐ -19 ഷെഡ്യൂൾ പ്രകാരം Prior Period Income ആയി അക്കൗണ്ട് ചെയ്ത തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

1-1-8 ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല

ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുന്നതിനുള്ള മൂന്ന് ബാങ്ക് അക്കൗണ്ടുകളിൽ ഉൾപ്പെട്ട ഒരു സീറോ ബാലൻസ് അക്കൗണ്ട് (1100425981 കാനറാ ബാങ്ക്) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അക്കൗണ്ടിൽ 31/03/2023 വരെ ഇടപാടുകളില്ല. അക്കൗണ്ട് വിവരം ബന്ധപ്പെട്ട ഷെഡ്യൂളിൽ ചേർത്ത് കണക്കുകളുടെ ഭാഗമാക്കേണ്ടതാണ്.

1-1-9 വരവ് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു

കാലിബാരലുകളുടെ വില 150120102 - Receipts From Sale Of Scrap/ Empties And Waste Materials എന്ന ശീർഷകത്തിൽ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

1-1-10 സർക്കാർ തിരിച്ചെടുത്ത തുക പൂർണ്ണമായും ചെലവായി അക്കൗണ്ട് ചെയ്തിട്ടില്ല

709031400000010 നം. ട്രഷറി അക്കൗണ്ടിൽ നിന്നും സർക്കാർ തിരിച്ചെടുത്ത തുക പൂർണ്ണമായും ചെലവായി അക്കൗണ്ട് ചെയ്തിട്ടില്ല.ബി 4 ഷെഡ്യൂൾ 320700104,320700105,320700203 ശീർഷകങ്ങളിൽ ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടുള്ള തുക നിലിവിൽ ട്രഷറി അക്കൗണ്ടിലില്ല.

1-1-11 മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ വകയിരിത്തിയില്ല.

ബി 18 ഷെഡ്യൂളിലെ 460500399 - Advance To Other Authorised Agencies എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത 150000/- രൂപ (മഴക്കാലപൂർവ്വ ശുചീകരണത്തിനായി അഡ്വാൻസ് ചെയ്ത തുക) കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-12 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്ക് ധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച് ക്യാഷ് ബുക്ക് ധനകാര്യപത്രിക എന്നിവ പ്രകാരമുള്ള വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

1-1-13 തെറ്റായ ശീർഷകത്തിൽ പ്രോജക്റ്റ് ചെലവ് അക്കൗണ്ട് ചെയ്തു

Infrastructure Facilities - Transportation Assistance To Milk Societies Which Does Not Have Milk Routs ( 250120302 ) എന്ന ശീർഷകത്തിൽ 155845 രൂപ ചെലവഴിച്ചതായി ധനകാര്യപത്രികയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ടെങ്കിലും മേൽ പ്രോജക്റ്റ് തൻവർഷം നടപ്പായിട്ടില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 08.03.2022 തീയതിയിലെ 10(1) നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 35977857 |
| വരവ് | 158339000 |

| | |
|---|---|
| ആകെ | 194316857 |
| ചെലവ് | 189615772 |
| നീക്കിയിരിപ്പ് | 4701085 |

തൻവർഷത്തേക്കുള്ള ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 158339000/- രൂപയായിരിക്കെ I &E പ്രകാരം ആകെ വരുമാനം 106223040/- രൂപ മാത്രമാണ്. തൻവർഷത്തെ പ്രതീക്ഷിത ചെലവ് 189615772 രൂപ ആയിരിക്കെ I &E പ്രകാരം ചെലവ് 105533572/- രൂപ മാത്രമാണ്. ഇപ്രകാരം ബജറ്റ് തുകയിൽ നിന്ന് താരതമ്യത്തിന് അതീതമായ വ്യതിയാനം നിലനിൽക്കുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിപുലമായ തയ്യാറെടുപ്പോടെ ക്രോഡീകരിച്ച് തയ്യാറാക്കുന്ന ബജറ്റ് രേഖ ധനവിനിയോഗ നിയന്ത്രണത്തിനും സമാഹരണത്തിനുമുള്ള ശാസ്ത്രീയമായ ഉപകരണം എന്ന (Tool) എന്ന രീതിയിൽ ഒരു തരത്തിലും പ്രയോജനപ്പെടുന്നില്ല. കേവലം നിയമവ്യവസ്ഥയുടെ അനുവർത്തനത്തിനു മാത്രമായി ബജറ്റ് നടപടിക്രമങ്ങൾ ഏറ്റെടുക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ കണക്കുകളുടെ വിശദാംശവും വരവ്/ ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 38241844.98 |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 42295062 |
| ആകെ | 80536906.98 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 40926765 |
| നീക്കിയിരിപ്പ് (31/03/2023) | 39610141.98 |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 106223040 |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 105533572 |
| പ്രവർത്തന നഷ്ടം(Gross Deficit) | 689468 |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 1028661 |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 1718129 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 657742 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- | 0 | 17238000 | 17238000 | 17003254 | 234746 | 99 |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ | | | | | | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4080000 | 4080000 | 4080000 | 0 | 100 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 3599000 | 4065850 | 7664850 | 4007834 | 3657016 | 52 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 173497 | 2654247 | 2827744 | 2309064 | 518680 | 81 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 5173000 | 5173000 | 5108187 | 64813 | 99 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9250000 | 9250000 | 5872612 | 3377388 | 63 |
| സമ്പൂർണ്ണ ശുചിത്വ ഗ്രാന്റ്(TSC) | 263356 | 169000 | 432356 | 338000 | 94356 | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 267280 | 1784472 | 2051752 | 2051752 | 0 | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 229426 | 1154000 | 1383426 | 1383426 | 0 | |
| മറ്റ് പഞ്ചായത്ത് വിഹിതം | 142175 | 0 | 142175 | 142175 | 0 | |
| ഐ സി ഡി എസ് വിഹിതം | 3827 | 951520 | 955347 | 507979 | 447368 | |
| ഹെൽത്ത് ഗ്രാന്റ് ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ | 0 | 329287 | 329287 | 325817 | 3470 | |
| ഹെൽത്ത് ഗ്രാന്റ് 1 | 0 | 189386 | 189386 | 186923 | 2463 | |

വികസന ഫണ്ടിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും അംഗൻവാടി ഹോണറേറിയത്തിനും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്- | 17238000/- | ഇല്ല | 17238000/- | 266/23-321200/-<br>267/23-321200/- | 15411606/- |

| | | | | | |
|---|---|---|---|---|---|
| General | | | | 272/23-321200/-<br>268/23-431397/-<br>273/23-431397/-<br>ആകെ-1826394/- | |
| വികസന ഫണ്ട്-SCSP | 4080000/- | ഇല്ല | 4080000/- | 274/23-175805/-<br>275/23-175806/-<br>ആകെ-351611/- | 3728389/- |
| വികസന ഫണ്ട്-TSP | 0 | 0 | 0 | 0 | 0 |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2022-23 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 168917 രൂപ വരവായി ACR,Grant Statement എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.
3. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് വിഹിതമായി 79901140001068 ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക സർക്കാർ തിരികെയെടുത്തിട്ടുണ്ട്. മേൽ തുക പൂർണ്ണമായും ചെലവായി അക്കൗണ്ട് ചെയ്തിട്ടില്ല. എന്നാൽ ബി 4 പത്രിക ടി തുക പ്രകാരം ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ 72600 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 137133 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 142175 രൂപയും ബാധ്യതയായി അവശേഷിക്കുന്നുണ്ട്.
4. ഐസിഡിഎസ് ചെലവ് തുക 123/- രൂപ ബാങ്ക് ചാർജ് കൂടി ഉൾപ്പെട്ടതാണ്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 05.05.2022 ൽ ആസൂത്രണ സമിതി യോഗം ചേരുകയും തുടർന്ന് 20.05.2022 , 21.05.2022 തീയതികളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേരുകയും ചെയ്തു. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ പദ്ധതി ആസൂത്രണ ഗ്രാമസഭ (24.05.22-28.05.22) യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 30.06.2022 -ൽ നടന്ന വികസന സെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

വാർഷിക പദ്ധതിയ്ക്ക് 29.07.2022 ലെ ഉത്തരവ് നം. 82898/22/DPC/DPO/KTM പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 144658175 രൂപയും ആകെ ചെലവ് 59556988 രൂപയുമാണ്. ആകെ 236 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 178 എണ്ണം തൻവർഷം നടപ്പാക്കി. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 7130692 | 4662132 | 65.38 |
| വെറ്ററിനറി സർജൻ | 7 | 7 | 3282000 | 2744500 | 83,62 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | 9 | 7 | 1527759 | 1433529 | 93.38 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 5 | 4 | 325000 | 287800 | 88.55 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 2 | 1 | 1030000 | 1000000 | 97.08 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 11 | 11 | 52507394 | 7179776 | 13.67 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 14 | 11 | 2158800 | 1552379 | 71.90 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 6 | 6494882 | 4396575 | 67.69 |
| സെക്രട്ടറി | 49 | 30 | 15679576 | 6090244 | 38.84 |
| ഹെഡ്മാസ്റ്റർ , ഗവ . യു പി . സ്കൂൾ | 16 | 15 | 2614817 | 2480238 | 94.85 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 93 | 68 | 46136387 | 23892064 | 51.78 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 2250000 | 1466475 | 65.17 |
| അസി.സെക്രട്ടറി | 10 | 9 | 2920868 | 2308630 | 79.04 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 600000 | 62646 | 10.44 |
| ആകെ | 236 | 178 | 144658175 | 59556988 | 41.17 |

അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നിവർക്ക് 60% ൽ താഴെ മാത്രമേ തുക ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ഇത് ആകെ ചെലവ് ശതമാനം കുറവ് വരുത്തുന്നതിനിടയാക്കി.
വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, സെക്രട്ടറി, ഹെഡ്മിസ്ട്രസ്സ്, വെറ്ററിനറി സർജൻ, കൃഷി ഓഫീസർ തുടങ്ങിയവരെല്ലാം പ്രോജക്ട് ഫയലുകൾ കൃത്യതയോടെ അടുക്കി സൂക്ഷിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ നിർവ്വഹണവും തൃപ്തികരമാണ്.

<u>സഞ്ചിതനിധിയിലേയ്ക്ക് 36,76,947 രൂപ തിരികെ എടുത്തു</u>

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും സമയബന്ധിതമായി ബില്ലുകൾ മാറാത്തതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 234746 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 3377388 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 64813 |
| ആകെ | 36,76,947 |

ലഭ്യമായ തുകയുടെ പൂർണ്ണമായ വിനിയോഗം ഉറപ്പ് വരുത്താത്തത് മൂലമുണ്ടാകുന്ന ഇപ്രകാരമുള്ള അപരിഹാര്യമായ നഷ്ടം ഒഴിവാക്കേണ്ടതും ക്യാരിഓവർ വിഹിതമായി ലഭിക്കാൻ അർഹതയുള്ള മുഴുവൻ തുകയും ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിച്ച് ചെയ്യാവുന്ന പ്രവൃത്തികളിൽ തനത് ഫണ്ട് വകയിരുത്തൽ പരിമിതപ്പെടുത്തി പൂർണ്ണമായും MG (NR) ഫണ്ട് ചെലവഴിച്ച് ചെലവ് ശതമാനം വർദ്ധിപ്പിക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 2830 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 472 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 181 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 156 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 23060 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 398 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവൃത്തി, തോട് ആഴം കൂട്ടൽ, വർക്ക്ഷെഡ്, മഴക്കുഴി, തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ , വൃക്ഷത്തൈ നടീൽ തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ട്. കാഷ്ബുക്ക് പ്രകാരമുള്ള 2022-23 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 7671.95 | 713482 | 721153.95 | 709943 | 11210.95 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9262954 | 9262954 | 9262954 | 0 |
| ആകെ | 7671.95 | 9976436 | 9984107.95 | 9972897 | 11210.95 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമപദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 20168100 | 1901 |
| കർഷക തൊഴിലാളി പെൻഷൻ | 1086800 | 97 |
| വിധവാ പെൻഷൻ | 6261400 | 572 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 468600 | 44 |
| വികലാംഗ പെൻഷൻ | 2869600 | 259 |
| വിധവകളുടെപെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.08.2023 തീയതിയിൽ 3.30 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 66293/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളിലും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.
01.04.2022 മുതൽ ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ നടപ്പാക്കി. നിലവിൽ ടി സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെയാണ് ഫയലുകൾ കൈകാര്യം ചെയ്യുന്നത്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ് .

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തിയിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം .

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി നിലവിലുള്ള വരുമാന സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിലും അധിക വിഭവ സമാഹരണം ഉറപ്പാക്കുന്നതിലും വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല.(ഖ.1-11 മുതൽ 1-18 വരെയുള്ള നിരീക്ഷണങ്ങൾ കാണുക)

5) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

6) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08/01/2022 | 3/2022 | --- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.03.2016 | 2010-11 To 2014-15 | LBA(HQ) 8A-2976/22 Dtd12.05.2022 |

## 1-11 വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല.

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011ചട്ടം 6 പ്രകാരം വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ 20 % വർദ്ധന വരുത്താവുന്നതാണ്.ഗ്രാമപഞ്ചായത്തിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തതായി കാണുന്നില്ല.

| ക്രമനമ്പർ | കെട്ടിട നമ്പർ/ഉടമ | വാർഡ് നം | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ പേരും തരവും | കെട്ടിടത്തിന്റെ തരം/ അടിസ്ഥാന വസ്തുനികുതി നിരക്ക് | വിസ്തീർണ്ണം(ച മീ) | അടിസ്ഥാന വസ്തുനികുതി | വരുത്തേണ്ടിയിരുന്ന വർദ്ധന |
|---|---|---|---|---|---|---|---|
| 1 | 393/A ശ്രീധരകൈമൾ കെ, ഇന്ദിരാദേവി | 12 | മാന്താടിക്കവല പാദുവ റോഡ്(5 മീറ്ററിലധികം വീതി) | പാർപ്പിടാവശ്യം (5രൂപ) | 134 | 670/- | 134/- |
| 2 | 109 ജോസഫ് ജോൺ | 13 | കട്ടച്ചിറ പള്ളിക്കടവ് (5 മീറ്ററിലധികം വീതി) | പാർപ്പിടാവശ്യം (5രൂപ) | 85 | 425/- | 85/- |
| 3 | 86 രമേശ് എം | 4 | ചാലക്കുന്നത്ത് ക്ഷേത്രം റോഡ് (5 മീറ്ററിലധികം വീതി) | പാർപ്പിടാവശ്യം (5രൂപ) | 115 | 575/- | 115/- |
| 4 | 87 സി ബി ശങ്കർ | 4 | ചാലക്കുന്നത്ത് ക്ഷേത്രം റോഡ് (5 മീറ്ററിലധികം വീതി) | പാർപ്പിടാവശ്യം (5രൂപ) | 147 | 735/- | 147/- |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/14.08.2023) ലഭ്യമാക്കിയ മറുപടിയിൽ ആവശ്യമായ പരിശോധന നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി നിർണ്ണയത്തിൽ തറനിർമ്മിതി കണക്കിലെടുത്തതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011ചട്ടം 6(3) പ്രകാരം തറനിർമ്മിതിയുടെ തരം 'മേൽത്തരം തടി/മാർബിൾ/ഗ്രാനൈറ്റ്/ടൈൽസ്/മറ്റ് വിലയേറിയ വസ്തുക്കൾ' എന്ന വിഭാഗത്തിലാണെങ്കിൽ അടിസ്ഥാന വസ്തുനികുതിയിൽ 15 % വർദ്ധന വരുത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ 2022-23 അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ തറനിർമ്മിതി കണക്കിലെടുത്തതായി കാണുന്നില്ല.മേൽ കെട്ടിടങ്ങളുടെ കെട്ടിട ഉടമ സമർപ്പിക്കുന്ന വസ്തു നികുതി റിട്ടേൺ ഫാറം 2 പ്രകാരം തറനിർമ്മിതി ടൈൽസ് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. തറനിർമ്മിതി സംബന്ധിച്ച് വസ്തുനികുതി നിർണ്ണയ ഫയിലിലും രേഖപ്പെടുത്തലുകളില്ല. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിട നമ്പർ/ഉടമ | വാർഡ് | കെട്ടിടത്തിന്റെ തരം/ നികുതി നിരക്ക് | വിസ്തീർണ്ണം(ച മീ) | അടിസ്ഥാന വസ്തുനികുതി | വർദ്ധന |
|---|---|---|---|---|---|---|
| 1 | 257/A കമലമ്മ സി ജെ രാജേഷ് സി ജിനേഷ് സി നായർ | 2 | പാർപ്പിടാവശ്യം(5രൂപ) | 265.40 | 1327 | 199 |
| 2 | 148/C വിനോദ് ജെയിംസ് | 2 | പാർപ്പിടാവശ്യം(5രൂപ) | 333.45 | 1667.25 | 250.10 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/14.08.2023) ആവശ്യമായ അന്വേഷണം നടത്തി നികുതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. നികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 വാടക ഡിമാന്റ്/പിരിവ് നടപടിക്രമങ്ങളിൽ -അപാകത

1.സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന മുറിയുടെ വാടക കുടിശിക ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് കെട്ടിടത്തിലെ 14/472 നമ്പർ മുറിയിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസിന്റെ 2019-2020 മുതൽ 2022-23 വരെയുള്ള വാടക കുടിശിക 382680/-രൂപ നാളിതുവരെ അടവാക്കിയിട്ടില്ല. ഫയൽ പരിശോധനയിൽ 31.03.2019 ന് ശേഷം കരാർ പുതുക്കിയതിന്റെ രേഖകളും ലഭ്യമായില്ല. കരാർ പുതുക്കാത്തതിനും വാടക കുടിശിക ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( നം-19/14.08.23) ലഭിച്ച മറുപടിയിൽ 04/2019 മുതൽ 03/24 വരെയുള്ള (അഞ്ചു വർഷ കാലയളവിലേക്ക് ) കരാർ പുതുക്കുന്നതിനും സർക്കാർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പ് നിർണ്ണയിച്ച് നൽകിയ പ്രതിമാസ വാടക 8630/-രൂപ നിരക്കിൽ ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു എന്നും മറുപടിയിൽ അറിയിച്ചു. കരാർപുതുക്കി വാടക കുടിശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. പൊതുജനോപകാരപ്രദമായ സർക്കാർ ഓഫീസ് എന്ന നിലയിൽ പൊതുമരാമത്ത് വകുപ്പ് നിർണ്ണയിച്ച് നൽകിയ പ്രതിമാസ വാടകയിൽ വാർഷിക വർദ്ധനവ് ഒഴിവാക്കുന്നതിനും സർക്കാരിൽനിന്ന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ജി എസ് റ്റി ,സെസ്സ് എന്നിവ ഒഴിവാക്കി നൽകുന്നതിനും 10.07.23 ലെ 10(1) നമ്പർ കമ്മറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്. മേൽ തിരുമാന പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പൊതുതാത്പര്യാർത്ഥം വാർഷിക വാടക വർദ്ധനവ് ഒഴിവാക്കുന്ന കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണെങ്കിലും കേന്ദ്ര നിയമപ്രകാരം ഈടാക്കേണ്ട ജിഎസ്ടി, സെസ് എന്നിവയിൽ ഇളവ് അനുവദിക്കാവുന്നതല്ലയെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

2. വാർഷിക കണക്ക് പ്രകാരം കെ എസ് ഇ ബി ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ വാടക കുടിശിക

ഇനത്തിൽ 5789/-രൂപ കുടിശിക നിലനിൽക്കുന്നു.

കുടിശിക തുകയുടെ വിശാദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-19/14.08.23) ലഭ്യമാക്കിയ മറുപടിയിൽ കെ എസ് ഇ ബി ഓഫീസിന്റെ പ്രവർത്തനം 30.12.2019 ൽ അവസാനിപ്പിച്ചിരുന്നു എന്ന് അറിയിച്ചു. കുടിശിക തുക കണക്കാക്കിയതിന്റെ നിജസ്ഥിതി പഞ്ചായത്തിൽ നിന്ന് ലഭ്യമായില്ല. നിലവിൽ കെ എസ് ഇ ബി ഓഫീസ് പ്രവർത്തിക്കുന്നില്ല. ടി തുക യുടെ കൃത്യത പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

3. വാടക ബോലോ-അംഗീകാരം ലഭിച്ചിട്ടില്ല

വാടക സംബന്ധിച്ച ബൈലോ അംഗീകരിക്കുന്നതിനായി 30.10.2017 ൽ ബഹു. പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടും നാളിതുവരെ അംഗീകാരം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 കുമ്മണ്ണൂർ ചെമ്പിളാവ് യംഗ്മെൻ ലൈബ്രറി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനത്തിന്റെ വാടക ഈടാക്കുന്നില്ല.

പഞ്ചായത്തിൽ 8-ാം വാർഡിൽ പ്രവർത്തിക്കുന്ന കുമ്മണ്ണൂർ ചെമ്പിളാവ് യംഗ്മെൻ ലൈബ്രറി (കെട്ടിട നമ്പർ 8/I) 18.11.2019 ലെ 1(4) നമ്പർ കമ്മറ്റി തീരുമാന പ്രകാരം പഞ്ചായത്തിന്റെ (15221005000000042) ആസ്തിയിലുൾപ്പെടുത്തിയിരുന്നു. 11.08.2023ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ലൈബ്രറി കെട്ടിടത്തിനോട് ചേർന്ന മുറിയിൽ ഒരു വ്യാപാര സ്ഥാപനം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത സ്ഥാപനം പഞ്ചായത്തുമായി വാടക കരാർ ചമച്ചതിന്റെ രേഖകൾ ,പ്രതിമാസ വാടക നിരക്ക് ,നാളിതുവരെ വാടക അടവാക്കിയതിന്റെ രേഖകൾ തുടങ്ങിയ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-20/16.08.23) ലഭ്യമാക്കിയ മറുപടിയിൽ വ്യാപാരസ്ഥാപനം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ലെന്നും, കരാറിൽ ഏർപ്പെട്ടിട്ടില്ലെന്നും അറിയിച്ചു. പഞ്ചായത്തിൽ നിന്ന് വ്യാപാര സ്ഥാപനം എന്ന് മുതൽ പ്രവർത്തനം ആരംഭിച്ചു എന്ന് വിശദമായ അന്വേഷണം നടത്തി സ്ഥപനവുമായി വാടകകരാറിലേർപ്പെട്ട് പ്രതിമാസ വാടക നിർണ്ണയിച്ച് കുടിശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 ലൈസൻസ് -റഗുലേറ്ററി ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നില്ല

1.ലൈസൻസ് പുതുക്കാതെ/എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർപരിശോധനയിൽ വിവിധ വ്യാപാര സ്ഥാപനങ്ങൾ ഫീസ് അടവാക്കി ലൈസൻസ് പുതുക്കിയതായി കാണുന്നില്ല. പ്രസ്തുത സ്ഥാപനങ്ങൾ നിലവിൽ ലൈസൻ ഫീസ് അടവാക്കി ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം 18/14.08.23) ലഭിച്ച മറുപടിയിൽ 13 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നതായും ക്രമനം11 ൽ കെട്ടിടനമ്പർ ഇല്ലാത്ത തിനാൽ ലൈസൻസ് പുതുക്കിയിട്ടില്ലന്നു മറുപടി ലഭിച്ചു.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളും ഫീസ് അടാവക്കി ലൈസൻസ് പുതുക്കുകയും/എടുക്കുകയും ചെട്ടേണ്ടതാണ്.വാർഡ് അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ സഹായത്തോടെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ഉൽപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | വ്യാപാര സ്ഥാപനങ്ങൾ | |
|---|---|---|
| 1 | പി യു മാത്യു<br>പൂഴിക്കാലയിൽ -14 | പൂഴിക്കാലയിൽ ഏജൻസീസ് |
| 2 | രാജേഷ് കുമാർ വി ആർ<br>വലിയവീട്ടിൽ-13 | ഡി റ്റി പി സെന്റർ |

| | | |
|---|---|---|
| 3 | ഷിജോ എൻ വി നെല്ലിയാനിക്കടവ്- | ആയുർവേദ വൈദ്യശാല |
| 4 | അനന്തു അനിൽ വേണാട്ടുശേരിൽ--5 | വസ്ത്രവ്യാപാരം |
| 5 | സന്ദീപ് സോമൻ-14 | തയ്യൽ സാധനങ്ങൾവിൽക്കുന്നകട |
| 6 | ഡെനിറ്റ് കെ എൻ കൂടല്ലൂർ-15 | വെൽഡിംഗ് വർക്ക്ഷോപ്പ് |
| 7 | അജേഷ് ആന്റണി മലവേരിപുറത്ത് | വസ്ത്രവ്യാപാരം |
| 8 | ശ്രീകല എസ് കിടങ്ങൂർ | വസ്ത്രവ്യാപാരം |
| 9 | സജിമോൻ കോട്ടേകുന്നേൽ | ഓട്ടോഗ്യാരേജ് |
| 10 | അനന്തുമോഹൻ | കാർ അക്സസറീസ് ഷോറൂം |
| 11 | വിനോദ് ജയിംസ് വള്ളിത്തോട്ടത്തിൽ-1 | കെട്ടിട നമ്പർ ഇല്ല.വിവൽ ഇൻഡ്രസ്ട്രീസ് |
| 12 | ഷാജി ജേക്കബ് കുരിക്കലേറ്റ് | വസ്ത്രവ്യാപാരം |
| 13 | അലൻബാബൻ മണർകാട്ട് | അലങ്കാരമത്സ്യങ്ങൾ |
| 14 | അജിത്ത് വെള്ളരിങ്ങത്ത്-14 | മീൻകട |

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ റഗുലേറ്ററി ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ വീഴ്ച ഉണ്ടാകുന്നതായും വരുമാന നഷ്ടം ഉണ്ടാകുന്നതായും കാണുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

2. ജിംനേഷ്യം, സ്വകാര്യ ഹോസ്റ്റലുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പ്രാദേശിക പരിശോധനയിൽനിന്ന് വ്യക്തമായി. സഞ്ചയ സോഫ്റ്റ് വെയർ പരിശോധനയിൽ 67സ്വകാര്യ ഹോസ്റ്റലുകൾ/ ഹോംസ്റ്റേകൾ അസ്സസ്സ് ചെയ്തിട്ടുള്ളതായും, ജിംനേഷ്യം തുടങ്ങിയ പ്രവർത്തിക്കുന്നതായിപ്രാദേശിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ സ്വകാര്യ ഹോസ്റ്റലുകൾ/ ഹോംസ്റ്റേകൾ, ജിംനേഷ്യം എന്നിവ ലൈസൻസ് എടുത്തതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം 18/14.08.23) മറുപടി ലഭിച്ചില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ഹോസ്റ്റലുകൾ/ ഹോംസ്റ്റേകൾ ജിംനേഷ്യം തുടങ്ങിയ ഫീസ് അടാവക്കി ലൈസൻസ് പുതുക്കുകയും/എടുക്കുകയും ചെയ്യേണ്ടതാണ്.വാർഡ് അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ സഹായത്തോടെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

1-16 തൊഴിൽനികുതി ഡിമാന്റ്/കളക്ഷൻ നടപടികളിൽ- അപാകത

1) 2022-23വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന

സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | വിവിധ അക്ഷയ കേന്ദ്രങ്ങൾ / ജനസേവന കേന്ദ്രങ്ങൾ | 1,2 |
| 2 | ഹൗസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി കിടങ്ങൂർ | 2 |
| 3 | ഹൗസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി ഹൈപ്പർ മാർക്കറ്റ് കിടങ്ങൂർ | 2 |
| 4 | മേക്കാട്ടേൽ ഫിനാൻസ് | 2 |
| 5 | കാസാ ബാങ്കേർസ് | 2 |
| 6 | എം എസ് ഫിനാൻസ് | 2 |
| 7 | ചില്ലീസ് റെസ്റ്റോറന്റ് | 2 |
| 8 | ഡ്യൂ ഡ്രോപ്സ് കാസിൽ | 2 |
| 9 | പാലത്തറ ഇന്റർലോക്ക് | 2 |
| 10 | ക്ഷീരോൽപാദക സഹകരണസംഘം കൂടല്ലൂർ,കിഴക്കേ കൂടല്ലൂർ | 2 |
| 11 | ബി എസ് എൻ എൽ കിടങ്ങൂർ | 2 |
| 12 | വിവിധ ആധാരം എഴുത്ത് ഓഫീസുകൾ | 2 |
| 13 | ഓർക്കിഡ് ട്രാവൽസ് | 2 |
| 14 | കെ എൽ എം ആക്സിവ കിടങ്ങൂർ | 1,2 |
| 15 | വിവിധ ക്ലിനിക്കുകൾ | 1 |
| 16 | ഏറമ്പാടം ഫിനാൻസ് കിടങ്ങൂർ | 1,2 |
| 17 | പൂർണ്ണേന്ദു ഫിനാൻസ് കിടങ്ങൂർ | 1,2 |
| 18 | LID & EW സെക്ഷൻ കിടങ്ങൂർ | 2 |
| 19 | സബ് ഗ്രൂപ്പ് ഓഫീസർ ശാസ്താംകോട്ട | 2 |
| 20 | കെ എസ് ഇ ബി ട്രാൻസ്മിഷൻ ഡിവിഷൻ | 1,2 |

2) ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ടേൺ ഓവറിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽനികുതി അടവാക്കുന്നതായി കാണുന്നില്ല.

| ക്രമനമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ഏറമ്പാടം ഫിനാൻസ് കിടങ്ങൂർ | 1,2 |
| 2 | പൂർണ്ണേന്ദു ഫിനാൻസ് കിടങ്ങൂർ | 1,2 |
| 3 | മേക്കാട്ടേൽ ഫിനാൻസ് | 1,2 |
| 4 | കാസാ ബാങ്കേർസ് | 1,2 |
| 5 | എം എസ് ഫിനാൻസ് | 1,2 |

മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/11.08.2023) ലഭ്യമാക്കിയ മറുപടിയിൽ എൻക്വയറി പ്രകാരമുള്ള ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയതായി അറിയിച്ചെങ്കിലും കൃത്യമായ രസീത് നമ്പറുകൾ ഉൾപ്പെടെ രേഖകൾ ലഭ്യമാക്കിയില്ല.സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ കൃത്യമായ രസീതുകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 ഓൺലൈൻ പേമെന്റ് - തുക ലഭ്യമാകുന്നതിൽ കാലതാമസം

വിവിധ സേവനങ്ങൾക്കുള്ള ഫീസ് തുകകളും , നികതി-നികുതിയേതര വരവിനത്തിലുള്ള തുകകളും ഓൺലൈനായി ഒടുക്കുന്നത് പഞ്ചായത്തിന്റെ 67386820834 നം. (എസ്.ബി.ഐ. കിടങ്ങൂർ ശാഖ) അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടുകളിൽ വരവ് രസീത് ചെയ്ത ശേഷം 2-3 മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രഡിറ്റാകുന്നത് എന്ന് പരിശോധനയിൽ കാണുന്നു. വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്ന് തിരിച്ചറിയുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ മേൽപറഞ്ഞ ഓൺലൈൻ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 31/03/2023 വരെ രസീത് ചെയ്തതിൽ 118376/- രൂപ ലഭിക്കാനുണ്ട്. തുടർമാസങ്ങളിലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ടി തുക 3 മാസം കഴിഞ്ഞിട്ടും ക്രെഡിറ്റ് ചെയ്തിട്ടില്ലായെന്ന് വ്യക്തമായി. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന വിഷയത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/14.08.2023) ഓൺലൈൻ പെയ്മെന്റ് തുക ക്രെഡിറ്റാകുന്നതിൽ കാലതാമസം നേരിടുന്നതായി അറിയിച്ചു.മേൽ വിഷയം IKM അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

1-18 വിഭവസമാഹരണം

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തികമാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഓ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. പരിശോധനയുടേയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു. കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ്പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ ചർച്ചകൾ നടത്തി തീരുമാനങ്ങൾ ക്രോഡീകരിക്കുകയും തുടർനടപടികൾക്കായി ജനറൽകമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ.(കൈ) നം.77/2023/എൽ.എസ്.ജി.ഡി തീ.22-3-33 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ്പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ സ.ഉ (പി) നം 25/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും

ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 17-4-23ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിതീരുമാനമെടുക്കുകയുണ്ടായി ( തീരുമാനം 3-1 ). കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷികവസ്തുനികുതിയോടൊപ്പം 23-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ ഇനം കെട്ടിടങ്ങൾക്കും 1-4-23 മുതൽ പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു ( 03-06-23- ലെ SC2-3140-2023). കരട് വിജ്ഞാപനം പത്രങ്ങളിലും ഗ്രാമപഞ്ചായത്തിലേയും ഘടകസ്ഥാപനങ്ങളിലേയും നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് മേഖല, റോഡ് എന്നിവയുടെ തരംതിരിവും അതിർത്തികൾ നിശ്ചയിക്കലും സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന തനത് വരുമാന സ്രോതസ്സായ വസ്തുനികുതിയിൽ 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം 17 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്.വാടകയിനത്തിലും കുടിശ്ശികയുണ്ട്.കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി പഞ്ചായത്ത് അറിയിച്ചു . വസ്തുനികുതിക്ക് സർവ്വീസ് സെസ് ഈടാക്കുന്നുണ്ട് . തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയവയുടെ അടിസ്ഥാന ഡേറ്റ കൃത്യമായ ഫീൽഡ് പരിശോധനയിലൂടെ പൂർത്തിയാക്കാതിരുന്നതിനാൽ പഞ്ചായത്തിന് ചെറിയ അളവിലെങ്കിലും വരുമാന ചോർച്ച സംഭവിക്കുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി കാവാലിപ്പുഴ ബീച്ച് മോടിപിടിപ്പിച്ച് ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളുടെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ - തുക ചെലവഴിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക ബി 4 പത്രിക പ്രകാരം പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ ശീർഷകത്തിൽ (320100153) 76676 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു.മേൽ തുക മുൻ വർഷങ്ങളിലും ഓഡിറ്റ് വർഷത്തിലും ചെലവഴിച്ചതായി കാണുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/14.08.2023) .പ്രത്യേക ഉദ്ദേശ്യത്തിനായി ലഭ്യമായ മേൽ ഫണ്ട് ചെലവഴിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

1-20 വയോക്ലബ് - അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ- ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ ArtcoLtd നിന്നു വാങ്ങി -നാളിതുവരെ വയോക്ലബ് പ്രവർത്തനസജ്ജമായില്ല.

| | |
|---|---|
| പ്രോജക്ട് നം. | 113/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡിഎസ് സൂപ്പർവൈസർ |
| ചെലവ് | 236847/- |
| ഫണ്ട് | വികസനഫണ്ട് (ജനറൽ) |
| ബിൽ നം. | 20/22-23/31.03.23 |

| | |
|---|---|
| സ്ഥാപനം | ARTCO LTD,കോട്ടയം |
| ഇൻവോയിസ് നം- | KTM410/29.03.23 |

മേൽ പ്രോജക്റ്റ് പ്രകാരം പഞ്ചായത്തിലെ രണ്ട് വയോക്ലബ്കൾക്ക് (കുമ്മണ്ണൂർ, കുടല്ലൂർ) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി 236847/- രൂപ ചെലവഴിച്ച് ARTCO LTD--4429 കോട്ടയത്ത് നിന്നും ഫർണ്ണിച്ചറുകളും ഇലക്ട്രിക്കൽ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. സർക്കാർഉത്തരവ് ജി ഒ (ആർ . റ്റി)നം 7/22/എസ് പി ഡി 02.02.22 നമ്പർ ഉത്തരവ് പ്രകാരം ARTCOയിൽ നിന്നും (മരം,സ്റ്റീൽ ഫർണ്ണിച്ചർ) ഹോസ്പിറ്റൽ ഫർണ്ണിച്ചർ,സ്മാർട്ട് ക്ലാസ് റൂം ഫർണ്ണിച്ചർ തുടങ്ങിയവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങി വിതരണം ചെയ്യാവുന്നതാണ്. പ്രസ്തുത പ്രോജക്റ്റിൽ (പനാസോണിക്ക് എൽ ഇ ഡി ടി വി -2, സീലിംഗ് ഫാൻ (ഓറിയന്റ്) ഫാൻ - 4, ഇലക്ട്രിക്കൽ കെറ്റിൽ 1) ഇലക്ട്രിക്കൽ ഉപകരണങ്ങൾ ARTCO LTD, നിന്നും വാങ്ങി നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ ഉപകരണങ്ങൾ ARTCO LTD—4429 വാങ്ങുന്നതിന് സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കുവാനും / സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് പ്രത്യേകം ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങാതിരുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ നൽകിയിട്ടും നാളിതുവരെയും വയോക്ലബുകൾ പ്രവർത്തന സജ്ജാമാക്കാത്തതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-2/9.9.2023) ലഭിച്ച മറുപടിയിൽ സർക്കാർ നിർദ്ദേശം പാലിച്ച് പ്രോജക്റ്റുകൾ നിർവ്വഹണം നടത്തുന്നതാണെന്നും വയോക്ലബ് ഉടൻതന്നെ പ്രവർത്തന സജ്ജമാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടിയിൽ അറിയിച്ചു. 11.08.23ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ഫർണ്ണിച്ചറുകളും ഇലക്ട്രിക്കൽ ഉപകരണങ്ങളും നാളിതുവരെ സ്ഥാപിച്ചിട്ടില്ലന്ന് ശ്രദ്ധയിൽപ്പെട്ടു. ഉപകരണങ്ങൾ സ്ഥാപിച്ച് പ്രോജക്റ്റ് ഉദ്ദേശ ലക്ഷ്യം കൈവരിച്ച് വിവരം അറിയിക്കുന്നതുവരെ ചെലവഴിച്ച 236847/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 ഗവ.എൽപിഎസ് ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്റ്റുകൾ

കിടങ്ങൂർ ഗ്രാമപഞ്ചായത്ത് 2022-23 സാമ്പത്തിക വർഷത്തിൽ 15 പ്രോജക്റ്റുകളാണ് ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ പി സ്കൂൾ പിറയാർ മുഖേന നടപ്പാക്കിയത്. സർക്കാർ സ്കൂളുകളുടെ ഭൗതിക സംവിധാനം മെച്ചപ്പെടുത്തുന്നതിനായി വിവിധ പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള വിവിധ സ്കോളർഷിപ്പ് പ്രോജക്റ്റുകളും ഹെഡ്മിസ്ട്രസ്സാണ് നടപ്പാക്കിയത്.കൂടാതെ പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികളുടെയും പാഠനേതര അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനും പൊതുവായ ശാരീരിക മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന രീതിയിൽ യോഗാപരിശീലനം, നീന്തൽ പരിശീലനം തുടങ്ങിയ പ്രോജക്റ്റുകളും തൻവർഷം നടപ്പാക്കിയിട്ടുണ്ട്. മേൽ പ്രോജക്റ്റുകൾ ഗുണപ്രദമായ രീതിയിൽ നടപ്പാക്കിയിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രോജക്റ്റുകളുടെ നിർവ്വഹണത്തിലൂടെ വിദ്യാഭ്യാസ മേഖലയിൽ ആവശ്യമായ പിന്തുണ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മാർഗ്ഗരേഖ ലംഘനം ഉൾപ്പെടെയുള്ള ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. ഹെഡ്മിസ്ട്രസ്സ് നടപ്പാക്കിയ പ്രോജക്റ്റുകൾ സംബന്ധിച്ച് വിലയിരുത്തലും ഓഡിറ്റ് നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ്,ഗവ.എൽ പി സ്കൂൾ |
| പ്രോജക്റ്റ് നം /പേര് | 161/22-23 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന് പഞ്ചായത്ത് വിഹിതം |
| ഫണ്ടിനം | വികസന ഫണ്ട് ജനറൽ |
| അടങ്കൽ | 40000 |
| ചെലവ് | 40000 |
| ബിൽ നം /തീയതി | 8/20.12.2022 |

മേൽ പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ,എൻ എസ് എസ് എച്ച് എസ് എസ് കിടങ്ങൂർ എന്നീ സ്കൂളുകളിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന് പഞ്ചായത്ത് വിഹിതമായി

20000/- രൂപ വീതം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ 7.4.4 പ്രകാരം മേൽ പ്രോജക്ട് ഏറ്റെടുക്കാവുന്നത് ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കുമാണ്. ഗ്രാമപഞ്ചായത്ത് മേൽ പ്രോജക്ട് ഏറ്റെടുക്കുന്നതിന് ബാധകമായ ഉത്തരവ് /മാർഗ്ഗരേഖ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/11.08.2023) ലഭ്യമാക്കിയ മറുപടിയിൽ മറ്റ് സഹായങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിലാണ് ഡി പി സി അംഗീകാരത്തോടെ പ്രോജക്ട് നടപ്പിലാക്കിയതെന്ന് അറിയിച്ചു. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട സ്കൂളുകളുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി. ഭാവിയിൽ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖ/നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ്,ഗവ.എൽ പി സ്കൂൾ |
| പ്രോജക്ട് നം /പേര് | 130/22-23 സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം |
| ഫണ്ടിനം | വികസന ഫണ്ട് ജനറൽ<br>മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| അടങ്കൽ | 760720(വികസന ഫണ്ട് ജനറൽ - 500000<br>മെയിന്റനൻസ് ഗ്രാന്റ് റോഡിതരം - 260720) |
| ചെലവ് | 758440(വികസന ഫണ്ട് ജനറൽ - 500000<br>മെയ്ന്റനൻസ് ഗ്രാന്റ് റോഡിതരം - 258440) |
| ബിൽ നം /തീയതി | 5/25.11.22 – 119880<br>6/6.12.22 – 146480<br>11/4.1.23 – 110360<br>12/16.2.23 – 123280<br>13/16.2.23 - 12640<br>17/3.3.23 - 130400<br>20/21.3.23 – 115400 |

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ പ്രോജക്ട്.പഞ്ചായത്ത് കമ്മറ്റിയുടെ 26.09.2022 ലെ 5/1 തീരുമാനപ്രകാരം മേൽ പ്രോജക്ട് നിർവ്വഹണം ടെണ്ടർ എന്നത് പി ടി എ കൾ വഴി നടത്താൻ തീരുമാനിച്ചിരുന്നു.പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കേറ്ററിംഗ് യൂണിറ്റുകൾ വഴിയാണ് പ്രോജക്ട് നിർവ്വഹിച്ചതെന്ന് കാണുന്നു.വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/13.08.2023) ലഭ്യമാക്കിയ മറുപടിയിൽ ഭക്ഷണവിതരണപരിപാടിക്ക് നേതൃത്വം നൽകുന്നത് പി ടി എ ആണെന്നും പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാലാണ് കേറ്ററിംഗ് യൂണിറ്റുകൾ വഴിയും ഭക്ഷണവിതരണം നടത്തേണ്ടിവന്നതെന്നും മേൽ പ്രോജക്ട് പി ടി എ മോണിട്ടർ ചെയ്യുന്നുണ്ടെന്നും സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്ന സാധാരണക്കാരായ കുട്ടികൾക്ക് ഏറെ പ്രയോജനം ചെയ്യുന്നതാണ് പ്രോജക്ടെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26/11/2019 ലെ ഡിഎ 1/362/2019-തസ്വഭവ സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാവണം മേൽ പ്രോജക്ട് നടപ്പിലാക്കേണ്ടത്.

3.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ്,ഗവ.എൽ പി സ്കൂൾ |
| പ്രോജക്ട് നം /പേര് | 129/22-23 സർക്കാർ സ്കൂളുകൾക്ക് കംപ്യൂട്ടറും അനുബന്ധഉപകരണങ്ങളും വാങ്ങൽ |
| ഫണ്ടിനം | തനത് ഫണ്ട്<br>മെയിന്റനൻസ് ഫണ്ട് റോഡിതരം |
| അടങ്കൽ | 150000 |
| ചെലവ് | 147508 (47508 - തനത് ഫണ്ട്,100000-മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം /തീയതി | 19/20.03.2023 |

മേൽ പ്രോജക്ട് പ്രകാരം ഗവ.എൽ പി സ്കൂൾ പിറയാർ എന്ന സ്ഥാപനത്തിന് ലാപ്ടോപ് ,പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് എന്നിവ വാങ്ങിയതായി കാണുന്നു.പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് ഉപയോഗിക്കുന്നതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/14.08.2023) ഇലക്ട്രിഫിക്കേഷനിൽ അപാകതകൾ ഉള്ളതിനാലാണ് പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് ഉപയോഗിക്കാത്തതെന്നും എത്രയും പെട്ടെന്ന് കിറ്റ് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് ഉപയോഗയോഗ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 അങ്കണവാടി നിർമ്മാണം- പൂർത്തീകരണ വിവരം , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല .

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നം /പേര് | SO257/23 - ചെമ്പിളാവ് ചൂണ്ടമല 183 ആം നമ്പർ അങ്കണവാടി നിർമ്മാണം- ത്രിതല പഞ്ചായത്ത് വിഹിതം എം എൻ ആർ ഇ ജി എസ് - ന് കൈമാറൽ |
| അടങ്കൽ | 300000/- (വികസന ഫണ്ട് ജനറൽ - 50000 |
| ചെലവ് | 300000/- (വികസന ഫണ്ട് ജനറൽ - 300000) |
| ബിൽ നം /തീയതി | 382/24.03.2023 |

പ്രൊജക്റ്റ് നമ്പർ 257/ 23 പ്രകാരം ചെമ്പിളാവ് 183 ആം നമ്പർ അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി ത്രിതല പഞ്ചായത്ത് വിഹിതമായി 3 ലക്ഷം രൂപ MGNREGS -ന്റെ തിരുവനന്തപുരം ജില്ലാ ട്രഷറി യിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ടി അങ്കണവാടിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ എന്ന വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/14.08.2023) ലഭ്യമാക്കിയ മറുപടിയിൽ ഇ ടെൻഡർ നടപടികളിലെ സാങ്കേതിക തടസ്സം മൂലം പ്രവർത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കെട്ടിട നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചയാത്ത് വിഹിതമായി നൽകിയ 300000 /- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-23 ബെയിലിങ്ങ് മെഷീൻ പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നം /പേര് | SO 209/23 കുമ്മണ്ണൂർ എം സി എഫിലേയ്ക്ക് ബെയിലിങ്ങ് മെഷീൻ |
| അടങ്കൽ | 700000/- (ധനകാര്യ കമ്മീഷൻ അവാർഡ് - 210000<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 490000) |
| ചെലവ് | 575000/- ( - ധനകാര്യ കമ്മീഷൻ അവാർഡ് - 210000<br>കേന്ദ്രാവിഷ്കൃത ഫണ്ട്- 365000) |
| ബിൽ നം /തീയതി | 383/25.03.2023 |

ഗ്രാമ പഞ്ചായത്തിലെ മിനി എം സി എഫുകളിൽ നിന്നും ലഭിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തരം തിരിച്ച് ബെയിൽ ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിനായി കുമ്മണ്ണൂർ എം സി എഫി-ലേയ്ക്ക് ടി പദ്ധതി പ്രകാരം ബെയിലിങ്ങ് മെഷീൻ ഹാപ്പി ഹാൻഡ്സ് ഗ്ലോബൽ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. കുമ്മണ്ണൂർ എം സി എഫി - ൽ 11.08.2023 തീയതി നടത്തിയ സ്ഥല പരിശോധനയിൽ പ്ലാസ്റ്റിക് വെയിസ്റ്റുകൾ കൂട്ടിയിട്ടിരിക്കുന്നതിനാൽ ബെയിലിങ്ങ് മെഷീൻ നിലവിൽ പ്രവർത്തിപ്പിക്കുവാൻ കഴിയുന്നില്ല എന്ന് കാണുകയുണ്ടായി. ടി മെഷീൻ നിലവിൽ പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/16.08.2023) ലഭ്യമാക്കിയ മറുപടിയിൽ ക്ലീൻ കേരളാ കമ്പനി യഥാസമയം പ്ലാസ്റ്റിക് വാങ്ങാത്തതിനാലാണ് പ്ലാസ്റ്റിക് മാലിന്യങ്ങൾ എം സി എഫിൽ കെട്ടിക്കിടക്കുന്നതെന്നും ആയതിനാലാണ് പരിശോധനാ സമയത്ത് ഇപ്രകാരം കാണുവാൻ ഇടയായതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ തലത്തിൽ ഇത്രയധികം പിന്തുണാ സംവിധാനങ്ങളും ഫണ്ടും ലഭ്യമായിട്ടും പ്ലാസ്റ്റിക് മാലിന്യം ശരിയായി നിർമ്മാർജ്ജനം ചെയ്യുന്നതിനും ശാസ്ത്രീയമായി റീസൈക്ലിങ്ങിലൂടെ സംസ്കരിക്കുന്നതിനും കഴിയാത്ത അവസ്ഥ ആശാസ്യമല്ല. പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്ത് ബെയിലിങ്ങ് മെഷീൻ പ്രവർത്തനസജ്ജമാക്കേണ്ടതും എം സി എഫിൽ നിന്നും യഥാസമയം പ്ലാസ്റ്റിക് നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയോട് ആവശ്യപ്പെടേണ്ടതുമാണ്. നിലവിൽ സ്ഥല പരിമിതി മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന എം സി എഫിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കൂടി നടപടികൾ സ്വീകരിക്കേണ്ട വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു .

1-24 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | 19/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ (ഹോമിയോ ) |
| ചെലവ് | 200000 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ബിൽ നം. | 1/22-23/27.10.22 |

ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങുന്നതിനായി ഹോംകോയുടെ എസ് ബി ഐ ആലപ്പുഴയിലുള്ള (A/c No-34306403911) അക്കൗണ്ടിലേക്ക് 200000 രൂപ മേൽ പരാമർശിച്ച ബിൽ പ്രകാരം നൽകിയിരുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ 99240 രൂപയുടെ മരുന്നു കൂടി ലഭ്യമാകാനുള്ളതായി കാണുന്നു. മരുന്ന്

ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കുന്നതുവരെ 99240 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | വെറ്ററനറിസർജൻ |
| പ്രോജക്റ്റ് നം | 136/23 |
| ചെലവ് | 462500/-രൂപ (വികസനഫണ്ട്) |
| ബിൽ നം. | 2/22-23/19.01.23 |

പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ 4-6 മാസം പ്രായമുള്ള 37കിടാക്കൾക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയത് . പ്രോജക്ടിന്റെ സബ്സിഡി വിഹിതം (12500 രൂപ വീതം) 462500/-രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അക്കൗണ്ടിലേക്ക് (A/c No-70801140000050) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. കുമ്മണ്ണൂർ ക്ഷീരോൽപാദക സഹകരണസംഘം കെ 174 മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തുന്നത്. പദ്ധതി പൂർത്തികരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (14/14.08.23) പദ്ധതി പൂർത്തികരിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയിൽ അറിയിച്ചു. പദ്ധതി പൂർത്തികരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

1-26 സാന്ത്വന പരിചരണം - ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 16/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ (സി എച്ച് സി) |
| ചെലവ് | 625793 (വികസന ഫണ്ട്(പൊതു വിഭാഗം)<br>99996 (തനത് ഫണ്ട്)<br>725789 |
| ബിൽ നം. | 3/22-23/16.06,22 |

ഉപകരണങ്ങൾ വാങ്ങുന്നതിനായി 149998 രൂപ മേൽ ബിൽ പ്രകാരം KMSCL ന് കൈമാറിയിരുന്നു. ആയതിൽ 140843 രൂപയുടെ ഉപകരണങ്ങളാണ് ലഭ്യമായത്. 9155 രൂപയ്ക്കുള്ള വാക്കർ കൂടി ലഭ്യമാകാനുണ്ട്. ആയത് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കുന്നതുവരെ 9155 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 ലൈഫ് ഭവനപദ്ധതി

2022-23 ൽ പൊതുവിഭാഗത്തിൽ 35 ഗുണഭോക്താക്കളും, പട്ടികജാതി വിഭാഗത്തിൽ 6 ഗുണഭോക്താക്കളും ലൈഫ് ഭവന പദ്ധതിയ്ക്കായി പഞ്ചായത്തുമായി കരാറിലേർപ്പെട്ടു. ആയതിൽ 27 പൊതുവിഭാഗം ഗുണഭോക്താക്കളും 5 പട്ടികജാതി വിഭാഗം ഗുണഭോക്താക്കളും നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. ഫണ്ടിന്റെ അപര്യാപ്തത മൂലം അടുത്ത ഘട്ടം പൂർത്തീകരിച്ച 20 പൊതുവിഭാഗം ഗുണഭോക്താക്കൾക്കും 5 പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കും അടുത്ത ഗഡു വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യത ഉറപ്പ് വരുത്തി ആയത് പ്രകാരം കഴിയുന്ന ഗുണഭോക്താക്കളുമായി മാത്രം കരാറിലേർപ്പെടാൻ ശ്രദ്ധിക്കേണ്ടതാണ്. ഫണ്ട് കണ്ടെത്തി എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. 2022-23 ലെ ആകെ ചെലവ് ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം/പ്രോജക്റ്റ് | ഫണ്ടിനം / തുക |
|---|---|---|

| | | |
|---|---|---|
| 1 | ലൈഫ് (ജനറൽ പ്രോ.നം 35/23, സ്പിൽ ഓവർ) | സംസ്ഥാനാവിഷ്കൃതം – 450000<br><br>ലോൺ – 40000 |
| 2 | ലൈഫ് (എസ് സി പി പ്രോ.നം 36/23, സ്പിൽ ഓവർ) | സംസ്ഥാനാവിഷ്കൃതം – 460000 |
| 3 | ലൈഫ് (ജനറൽ പ്രോ.നം 78/23) | വികസന ഫണ്ട് – 1800000<br>സംസ്ഥാനാവിഷ്കൃതം – 120000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 450000 |
| 4 | ലൈഫ് (പട്ടികജാതി പ്രോ.നം 79/23) | വികസന ഫണ്ട് – 1000000<br>സംസ്ഥാനാവിഷ്കൃതം – 720000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 45000 |

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-28 വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താക്കൾക്ക് പരിമിതമായ സബ്സിഡി മാത്രം നൽകുന്നു

സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.22 പ്രകാരം വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കാൻ ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 100000/-രൂപയും പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്ക് 150000/-രൂപയും പരമാവധി സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കാൻ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 30000 രൂപയും പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്ക് 75000 രൂപയും അഗതി രഹിത കേരളം ഗുണഭോക്താക്കൾക്ക് 50000 രൂപയും മാത്രമാണ് ധനസഹായം നൽകിയത്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ച സാഹചര്യത്തിൽ ചെറിയ സബ്സിഡി തുക ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുക എന്ന പ്രവൃത്തി എത്രത്തോളം ഫലപ്രദമായി നിർവ്വഹിക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല. വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസം ഒഴിവാക്കി പദ്ധതി ധനസഹായം ഗുണപരമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വാർഡ് വിഭജനം മാനദണ്ഡമാക്കാതെ സർക്കാർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിക്കാമെന്ന് നിഷ്കർഷിച്ചിട്ടുള്ള പരമാവധി തുക വകയിരുത്തി ധനസഹായം അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 കാലി ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കിയില്ല

സർക്കുലർ നമ്പർ 59827/എഫ് എം/07 തസ്വഭവ തീ 30-10-2007 പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കുന്ന ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടൽ ജി ഒ (പി)177/06 ഫിൻ തീയതി 12-4-2006 ഉത്തരവ് ഖണ്ഡിക 3-10 പാലിച്ച് തിരിച്ചടക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ 2022-23 ൽ നിർവ്വഹണം നടത്തിയ വിവിധ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും കാലിബാരൽ വില കണക്കാക്കി കുറവ് ചെയ്തിട്ടുള്ള 36121 രൂപ നിലവിൽ തനത് ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ആയത് ബിറ്റുമിൻ വാങ്ങാൻ ചെലവഴിച്ച ഫണ്ടുകളിലേയ്ക്കും ജി എസ് റ്റി സർക്കാറിലേയ്ക്കും അടവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-30 ടേയ്ക്ക് എ ബ്രേക്ക് കിടങ്ങൂർ സൗത്ത് - പ്രവർത്തനം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം , പ്രോജക്ട് | 73/23. ടേയ്ക്ക് എ ബ്രേക്ക് കിടങ്ങൂർ സൗത്ത് പൂർത്തീകരണം(spill Over) |
| അടങ്കൽ | 552465 ( ധനകാര്യ കമ്മീഷൻ അവാർഡ് + 297535 തനത് ഫണ്ട്) |
| ചെലവ് | 467562 ( ധനകാര്യ കമ്മീഷൻ അവാർഡ്) + 297535 തനത് ഫണ്ട് |
| ചെക്ക് നം / തീയതി | ചെക്ക് നം .5338125/18.01.23<br>ചെക്ക് നം.743426/03.02.23 |

വൈദ്യുതി, വെള്ളം ഉൾപ്പെടെയുള്ള സൗകര്യങ്ങളോടെ ടോയ് ലറ്റ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ കെട്ടിടം പൊതുജനാവശ്യത്തിനായി തുറന്ന് നൽകിയിട്ടില്ലെന്ന് 11/08/2023 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടു. കെട്ടിടം ലേലത്തിന് നൽകിയ ആൾ പിന്നീട് പിൻമാറിയതിനാലാണ് അടച്ചിടേണ്ടി വന്നതെന്നും പുനർലേലം ചെയ്ത് പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് പ്രസിഡണ്ട് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-31 ഉപകരണങ്ങൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

കുമ്മണ്ണൂർ ടേക്ക് എ ബ്രേക്ക് കോംപ്ലക്സിന്റെ ഉത്ഘാടനവുമായി ബന്ധപ്പെട്ട് സെക്രട്ടറിയുടെ പേരിൽ വൗച്ചർ നമ്പർ 2200157/01.06.2022 ( ചെക്ക് നമ്പർ 1093/01.06.2022 ) പ്രകാരം 15000/- രൂപ അഡ്വാൻസായി നൽകിയിരുന്നു. ടി അഡ്വാൻസ് ക്രമീകരിച്ചതിന്റെ ബിൽ പ്രകാരം OTTATTU TOOL WORLD, KIDANGOOR എന്ന സ്ഥാപനത്തിൽ നിന്നും 12500 രൂപ വിലയുള്ള BOSCH HIGH PRESSURE WASHER- 160 Bar എന്ന ഉപകരണം വാങ്ങിയിട്ടുണ്ട്. ടി ഉപകരണം സ്റ്റോക്കിലെടുത്ത് ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ വിവരം, നിലവിൽ ടി ഉപകരണത്തിന്റെ കസ്റ്റോഡിയൻ, ഉപയോഗം എന്നീ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/16.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 12500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|

| | |
|---|---|
| 2022-23 | 06/08/2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

സംയുക്ത പ്രോജക്ടിനായി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത്, എന്നീ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം ലഭിച്ചത് പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. 2022-23 ൽ ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി | 2022-23 | 379000/- | ഭിന്നശേഷിയുള്ളവർക്ക് പഠന സഹായം (22/23) | 379000/- | 0 |
| | 2022-23 | 45000/- | ലൈഫ് മിഷൻ പാർപ്പിട പദ്ധതി – പട്ടികജാതി വിഭാഗം (79/23) | 45000/- | 0 |
| | 2022-23 | 450000/- | ലൈഫ് മിഷൻ പാർപ്പിട പദ്ധതി മൂന്നാം ഘട്ടം-ജനറൽ (78/23) | 450000/- | 0 |
| | 2022-23 | 35000/- | അതിദാരിദ്ര നിർമ്മാർജ്ജന പരിപാടി – ഭവനപുനരുദ്ധാരണം (242/23) | 35000/- | 0 |
| | 2022-23 | 145000/- | അങ്കണവാടിയ്ക്ക് അനുപൂരക പോഷകാഹാര പരിപാടി (17/23) | 145000/- | |
| | 2022-23 | 100000/- | ക്ഷീരകർഷകർക്ക് - പാലിന് സബ്സിഡി(169/23) | 100000/- | |
| ഒട്ടാകെ | | 1154000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1154000 | **0** |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2022-23 | 720000/- | ലൈഫ് മിഷൻ പാർപ്പിട പദ്ധതി – പട്ടികജാതി വിഭാഗം (79/23) | 720000/- | 0 |
| | 2022-23 | 200000/- | ഭിന്നശേഷിയുള്ളവർക്ക് പഠന സഹായം | 200000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | (22/23) | | |
| | 2022-23 | 364472/- | അങ്കണവാടിയ്ക്ക് അനുപൂരക പോഷകാഹാര പരിപാടി (17/23) | 364472/- | 0 |
| | 2022-23 | 500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(169/23) | 500000 | 0 |
| ആകെ | | 1784472 | ജില്ല പഞ്ചായത്ത് വിഹിതം | 1784472 | - |

മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന ഓരോ ഗ്രാന്റ്/വിഹിതം ശീർഷകത്തിലും അക്കൗണ്ട് ചെയ്യുന്ന ഫണ്ടിന്(പ്രോജക്ട് മാപ്പിങ്ങിലൂടെയും നേരിട്ടും) എ.സി.ആർ.-ൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | 181/23 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 264060 | 264060 | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 വർഷം കൺവീനർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതിക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2022-23 വർഷം പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | G.O(MS) 68/2018/LSGD 18.05.2018 | 12,44,072/- | 40000/- | 1214405/- | | 69667/- |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരമുള്ള 2022-23 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 732704/-- |
| തൻവർഷം നിക്ഷേപിച്ച തുക(FD പലിശ) | 38,089/- |
| ആകെ | 770793/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2023-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 770793/- |

സ്ഥിരനിക്ഷേപം പലിശ 38,089/- രൂപ മുതലിൽ ചേർത്ത് പുതുക്കുകയാണ് ചെയ്യുന്നത്. സ്ഥിരനിക്ഷേപത്തിന്റെ ബാങ്ക്, FD അക്കൗണ്ട് നമ്പർ എന്നിവ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിക്ഷേപിച്ച ബാങ്ക് | Canara Bank |
| ബാങ്ക് ശാഖ(കോഡ്) | കിടങ്ങൂർ(4675) |
| എഫ്. ഡി. അക്കൌണ്ട് നം. | 4675401000085/8 |
| വാർഷിക പലിശ | 5.10% |
| നിക്ഷേപ കാലാവധി | 17/09/2023 |

## 4-7 ഓഡിറ്റ് റിക്കവറി

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്റ്റർ പ്രകാരം 2022-23 വർഷം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് ഖണ്ഡികകളിലെ നിർദ്ദേശങ്ങൾ പ്രകാരം വിവിധ ഇനങ്ങളിലായി 14042/- രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | അടവാക്കിയ തുക/വരവിനം | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|---|
| 1. | 2018-19 | 3-7 | 12572/- പൊതുമരാമത്ത് പ്രവൃത്തി – അധികം നൽകിയ തുക | ദീപാ കൃഷ്ണകുമാർ | 1220101526/ 24.08.2022 |
| 2. | 2015-16 | 2-3-1 | 720/- തൊഴിൽ നികുതി | ഷാജി എബ്രഹാം | 1220104442/ 11.01.2023 |
| 3. | 2021-22 | 1-13 | 750/- തൊഴിൽ നികുതി | അഞ്ജു സോമൻ | 1220104683/ 02.02.2023 |
| ഓഡിറ്റ് റിക്കവറിയായി ആകെ അടവാക്കിയത് 14042/- രൂപ | | | | | |

ക്രമ നം.1 പ്രകാരമുള്ള ഓഡിറ്റ് റിക്കവറി 12572/- രൂപ സർക്കാരിലേക്ക് ഒടുക്കാനുള്ള തുകയാണ്. 350100110 ബാധ്യത ശീർഷകത്തിലുള്ള ടി തുക സർക്കാരിലേക്ക് നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-3 | 2010-11 | 5-3-6(1) | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് ഭൂമി വാങ്ങിയെങ്കിലും ലക്ഷ്യം കൈവരിച്ചില്ല. | ഖണ്ഡിക നിയമസഭാ സമിതി പരിഗണിച്ചു. |
| 2014-15 | 2-2 | 2016-17 അനുബന്ധം 3 | വസ്തുനികുതി | | ഖണ്ഡിക നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 2-3-1<br>2-3-2 | 2016-17 അനുബന്ധം5 | തൊഴിൽ നികുതി | | ഖണ്ഡിക നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2018-19 | 3-1 | 2019-20 Part-I | കോട്ടയം ജില്ല ഖണ്ഡിക-1 | ഷോപ്പിംഗ് കോംപ്ലക്സ് കം-ബസ് സ്റ്റാന്റ് നിർമ്മാണം- 11.75 ലക്ഷം രൂപ കൺസൾട്ടൻസി ഫീസിനത്തിൽ ചെലവഴിച്ചിട്ട് മൂന്ന് വർഷം- നിർമ്മാണം ആരംഭിച്ചിട്ടില്ല | ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുവാനുള്ള ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായതായി പഞ്ചായത്ത് അറിയിച്ചു. |
| 2019-20 | 1-25 | 2020-21 Part-I | | മുൻകൂർ ഒടുക്കിയ തുകയ്ക്കുള്ള മരുന്ന് പൂർണമായും ലഭിച്ചില്ല- 64,335/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. | ഖണ്ഡിക നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തൻവർഷം തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | :42295062 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :40926766 |
| വരവിനങ്ങളിലുള്ള നഷ്ടം | :ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :657742 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 236847 | ശ്രീമതി അഞ്ജു തോമസ്, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-22 | 300000 | ശ്രീ.രാജീവ് എസ് കെ, സെക്രട്ടറി |
| 1-24 | 99240 | ഡോ.നിലീനാ പി ആർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-26 | 9155 | ഡോ.രേഖാ ആർ മെഡിക്കൽ ഓഫീസർ (സി എച്ച് സി) |
| 1-31 | 12500 | ശ്രീ.രാജീവ് എസ് കെ, സെക്രട്ടറി |
| ആകെ | 657742 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(1)/2022 /04.08.2022 | 1 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(2)/2022 /04.08.2022 | 1 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(3)/2022 /04.08.2022 | 1 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(4)/2022 /04.08.2022 | 1 |
| 2010-11 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(5)/2022 /04.08.2022 | 2 |
| 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13/583/22 /01.06.2022 | 1 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(6)/2022 /04.08.2022 | 5 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി12/619/16/ 19.08.2016/23.08.2016 | 2 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/816(1)/2022 /04.08.2022 | 4 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(7)/2022 /04.08.2022 | 9 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(8)/2022 /04.08.2022 | 3 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/816(2)/2022 /04.08.2022 | 11 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/816(3)/2022 /04.08.2022 | 16 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/816(4)/2022 /04.08.2022 | 17 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി13/1715/21/ 08.08.2022 | 29 |
| 2021-22 | കെ.എസ്.എ.-കെ.ടി.എം.പി13/96/2023 24.06.2023 | 31 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 26-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kidangoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kidangoor Grama Panchayat for the year 2022-2023

Date: 31/10/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Kidangoor Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non-Disclosure of Assets - Assets not properly classified and updated.
2. Non-Disclosure of Capital Contribution. Capital Contribution Register and details not kept.
3. General Fund Details not maintained. Source data not available for the value of Total General fund on 31/03/2023. The accuracy of General Fund could not be verified as the valuation process of assets and liabilities not yet completed.Advances not accounted in exact head of accounts.Advances not accounted in exact head of accounts.

**2.Other Observations**

1. Ratios on various financial performance as prescribed in accounting rules are not generated and submitted for audit.
2.Accrual accounting of contingent expenditures for the year booked in a single liablity account head

eventhough proper accounting heads available.

3. Details of Capital Work in Progress not available due to lack of Register.

4. Details of Prior period income/expenditure not certified and submitted as notes on account.

5.Bank account with zero balance (A/c No.1100425981/Canara Bank) but not closed and without transactions upto 31.03.2023, relating to Health Grant, not included in Annual Financial Statement.

6.Cost of empty barrels accounted as Receipts from Sale Of Scrap/ Empties And Waste Materials under the head 150120102 instead of liability head.

7.Balance amount in Joint venture Treasury account recovered by govt., not accounted in Annual Financial Statement. The balance amounts shown as liability in B-4 Schedule.

8. Advances not accounted in exact head of accounts. (Advance given to Pre-mansoon Campaign)

9. MGNREGS cash book differs with AFS.

10.Project Expenditure accounted in wrong head of account.Eg.Infrastructure Facilities - Transportation Assistance To Milk Societies Which Does Not Have Milk Routs (250120302) which was not a project implemented during the financial year by the panchayat but an amount of Rs. 155845 shown as expended as per Annual Financial Statement.

Deputy Director
District Audit Office, Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്